"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര
(എ.ആർ- 13) വകുപ്പ്,

172/എ.ആർ13(2)/22/ഉഭപവ

07-11-2022,തിരുവനന്തപുരം

സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- അപേക്ഷ ഫോറങ്ങൾ ലിംഗ നിഷ്പക്ഷത (gender neutral) യുള്ളതാക്കുന്നത്- പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന അപേക്ഷാഫോമുകൾ ലിംഗ നിഷ്പക്ഷത (gender neutral) യുള്ളതാക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുന്നു.

1. എല്ലാ അപേക്ഷ ഫോറങ്ങളിലും 'wife of (ന്റെ/ യുടെ ഭാര്യ)' എന്ന് രേഖപ്പെടുത്തുന്നതിനു പകരം 'spouse of (ന്റെ/ യുടെ ജീവിത പങ്കാളി )' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
2. അപേക്ഷ ഫോറങ്ങളിൽ രക്ഷാകർത്താക്കളുടെ വിശദാംശങ്ങൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഏതെങ്കിലും ഒരു രക്ഷാകർത്താവിന്റെ മാത്രമായോ രണ്ട് രക്ഷാകർത്താക്കളുടെയും വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ഓപ്ഷൻ അനുവദിക്കേണ്ടതാണ്.
3. 'അവൻ/അവന്റെ' എന്ന് മാത്രം ഉപയോഗിക്കുന്നതിനു പകരം 'അവൻ/അവൾ,' 'അവന്റെ/അവളുടെ' എന്ന രീതിയിൽ ഉപയോഗിക്കുന്നതിനായി നിയമങ്ങൾ, വിവിധ ചട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങൾ, ഫോമുകൾ എന്നിവ പരിഷ്കരിക്കേണ്ടതാണ്.

DR ASHA THOMAS I A S
ADDITIONAL CHIEF SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/ ജില്ലാകളക്ടർമാർക്കും/ഓഫീസ് തലവൻമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ (അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന് )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ